സ്വാമി ശരണം

# തിരുവിതാകൂർ ദേവസ്വം ബോർഡിന്റെ പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ട വിവിധ ക്ഷേത്രങ്ങളിലേക്ക് 2024-2025 (കൊല്ലവർഷം 1200-1201) വർഷത്തേയ്ക്ക് വിവിധ ഇനങ്ങളുടെ സഞ്ചായ കുത്തക അവകാശം

ഏർപ്പെടുത്തുന്നതിനായി പ്രസിദ്ധീകരിക്കുന്ന ഇ-ടെന്റർ വിഞ്ജാപനം

## പൊതു നിബന്ധന, സ്പെഷ്യൽ നിബന്ധനകൾ

## പൊതു നിബന്ധന

1. സഞ്ചായ കുത്തക അവകാശം കാലാവധി അതാത് ഐറ്റങ്ങൾക്ക് നേരേ ഷെഡ്യൂളിൽ പ്രത്യകം രേഖപ്പെടുത്തിയിട്ടുള്ളതാണ്.
2. ടെൻഡറിൽ പങ്കെടുക്കുന്നവർ http:/etenders.kerala.gov.in എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും ഇനം കുത്തക ഏറ്റു നടത്തുവാൻ ആഗ്രഹിക്കുന്നയാൾ ടി കുത്തകയുമായി ബന്ധപ്പെട്ട സ്ഥലം/ഷെഡ്/ കെട്ടിടം നേരിട്ട് ബോധ്യപ്പെട്ട ശേഷം ടെൻഡറിൽ പങ്കെടുക്കേണ്ടതാണ്.
3. ടെൻഡറിൽ പങ്കെടുക്കുന്നവർ 500/-രൂപ രജിസ്ട്രേഷൻ ഫീ ഓൺലൈനായി അയയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നതല്ല. ആയതിന്റെ ജി.എസ്.റ്റി ഒടുക്ക് വരുത്തി രസീത് ഹാജരാക്കേണ്ടതാണ്. അപ്രകാരം ഹാജരാക്കാത്തവരേയും നിരതദ്രവ്യം ഹാജരാക്കാത്തവരേയും സാധാരണ വ്യവസ്ഥകൾ അനുസരിച്ച് ടെൻഡറിൽ പങ്കെടുക്കുവാൻ യോഗ്യത ഇല്ലാത്തവരേയും ടെൻഡറിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. മേൽ പറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നാലും ടെൻഡറിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്നതിന് ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ വ്യവസ്ഥകൾ നടപ്പു കോൺട്രാക്ടർമാർക്കും ബാധകമായിരിക്കും. മുൻ കുടിശ്ശികക്കാരേയും ,ബ്ലാക്ക് ലിസ്റ്റ് ചെയ്തവരേയും യാതൊരു കാരണവശാലും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല. (ഉടമ്പടി വെയ്ക്കുന്ന അവസരത്തിൽ പോലീസ്

ക്ലിയറൻസ് സർട്ടിഫിക്കറ്റും ആവശ്യമായ ബാങ്ക് ഗ്യാരന്റിയും ഹാജരാക്കേണ്ടതാണ്. ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കരാറുകാരെ ഒഴിവാക്കുന്നതിനുള്ള അധികാരം ബോർഡിൽ/ബോർഡ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. സോൾവൻസി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല).

4. ഓരോ ഇനത്തിന്റേയും ടെൻഡറുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെൻഡർ സ്ഥിരപ്പെടുത്തുന്ന പക്ഷം ടിയാന്റേതൊഴിച്ച് മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായി തന്നെ അവരുടെ അക്കൗണ്ടിൽ തിരികെ നൽകുന്നതാണ്. ഓപ്പൺ ലേലത്തിൽ പങ്കെടുക്കുന്നവരിൽ ലേലം ഉറപ്പിച്ചിട്ടുള്ളവരുടെ ഒഴികെയുള്ള ഇ.എം.ഡി തുക ലേല ഹാളിൽ രസീത് നൽകി തിരികെ കൈപ്പറ്റാവുന്നതാണ്.

5. കുത്തക ലഭിക്കുന്ന വ്യക്തി കുത്തക തുകയുടെ ഒന്നാം ഗഡു (50%+Full G.S.T) അന്നേ ദിവസം തന്നെ ഒടുക്കു വരുത്തി കുത്തക അവകാശ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ബാക്കി തുക നവംബർ 30-നകം ഒടുക്ക് വരുത്താത്ത പക്ഷം കുത്തക അവകാശം റദ്ദ് ചെയ്യുന്നതിനോ റീ ടെൻഡർ ക്ഷണിക്കുന്നതിനോ ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. ടെൻഡർ/ലേലം സ്വീകരിക്കുന്ന മുറയ്ക്ക് അവരുടെ പേരിൽ കുത്തക അനുവദിച്ച് വരുന്ന വിവരം കക്ഷികളെ തെര്യപ്പെടുത്തുന്നതും അപ്രകാം കുത്തകാനുവാദം കിട്ടിയാൽ കൃത്യം ഏഴു ദിവസത്തിനകം മുദ്രപ്പത്രത്തിൽ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള നക്കൽ പ്രകാരം ബന്ധപ്പെട്ട ആഫീസിൽ ഉടമ്പടി വെച്ച് കുത്തക നടത്തേണ്ടതുമാകുന്നു. ആധാറിന്റെ പകർപ്പ് നൽകേണ്ടതുമാണ്.

7. കുത്തക തുക പൂർണ്ണമായി 2024 നവമ്പർ 30-നകം ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വരുന്ന പക്ഷം ടെൻഡറുകാരന്റെ/ലേലക്കാരന്റെ കുത്തക റദ്ദു ചെയ്യുന്നതിനോ ആവർത്തന ലേലം ക്ഷണിക്കുന്നതിനോ ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിൽ വെച്ച് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒന്നാം കുത്തകക്കാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്. ആയതിൽ നിന്നും ലാഭമുണ്ടായാൽ കുത്തകക്കാരന് ആയതിൻമേൽ യാതൊരു അവകാശവും ഇല്ലാത്തകാകുന്നു. ദേവസ്വവുമായി നിലവിൽ കേസ്സുകളോ, ദേവസ്വത്തിലേക്ക് കുടിശ്ശികകളോ ഉള്ളവരെ ആവശ്യമെങ്കിൽ അയോഗ്യരാക്കുവാനുള്ള അധികാരം ദേവസ്വം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

8. നിശ്ചിത തീയതിയ്ക്കകം കുത്തക തുകകൾ അടച്ചു തീർക്കാതെ വീഴ്ച വരുത്തുന്നവരുടെ കുടിശ്ശിക തുകകൾക്ക് കുത്തക തുകയുടെ ഗഡു അടയ്ക്കേണ്ട അവസാന തീയതി മുതൽ 18% പലിശ സഹിതം ഈടാക്കുന്നതാണ്. ഇതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ ഡിപ്പാർട്ട്മെന്റിൽ നിന്നുണ്ടാകുന്ന എല്ലാ വിധ കഷ്ടനഷ്ടങ്ങളും ഈടാക്കുന്നതിന് ആവശ്യമായ നിയമ നടപടി സ്വീകരിക്കുന്നതുമാണ്.

9. ടെൻഡർ/ലേലം അവസാനിപ്പിച്ചതിന് ശേഷമോ കുത്തക അനുവദിച്ചതിന് ശേഷമോ ടെൻഡർ/ലേലം സ്വീകരിച്ചിതന് ശേഷമോ/ഉടമ്പടി വെച്ചതിന് ശേഷമോ ടെൻഡറുകാരൻ/കുത്തകക്കാരൻ കുത്തകയിൽ നിന്നു

പിൻമാറുന്നതായാൽ ടിയാൻ വെച്ചിട്ടുള്ള മുഴുവൻ തുകയും പ്രായശ്ചിത്തമായി ഡിപ്പാർട്ട്മെന്റിലേക്ക് കൂടുതൽ മുതൽക്കൂട്ടുന്നതും കരാർ റദ്ദു ചെയ്യുന്നതുമാണ്.

10. കുത്തകക്കാരൻ/ടെൻഡർകാരൻ ഏതെങ്കിലും തരത്തിൽ കുത്തക മുടക്കുന്നതു മൂലം ഡിപ്പാർട്ട്മെന്റിലേക്ക് ഏതെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം നിയമപ്രകാരമുള്ള നടപടികൾ നടത്തി ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നു നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.
11. യുക്തമെന്നു തോന്നുന്ന പക്ഷം മേൽ വിവരിച്ച കുത്തകയുടെ ടെൻഡർ/ലേലം നിറുത്തി വെയ്ക്കുന്നതിന് ടെൻഡർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതും അതിൻമേൽ പരാതിപ്പെടാൻ ടെന്റർ/ലേലക്കാർക്ക് അവകാശമില്ലാത്തതുമാകുന്നു.
12. കുത്തകക്കാർക്ക്/ടെന്റർകാർക്ക് ഡിപ്പാർട്ട്മെന്റിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈപ്പറ്റുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതുമാകുന്നു.
13. ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
14. പരസ്യത്തിലെ എല്ലാ കുത്തകക്കാർക്കുമുള്ള സെക്യൂരിറ്റി തുക കുത്തകയുടെ കാലാവധി കഴിഞ്ഞ് അപേക്ഷകളൊന്നുമില്ലാത്ത പക്ഷം തിരികെ കൊടുക്കുന്നതായിരിക്കും. എല്ലാ ഐറ്റങ്ങൾക്കും സെക്യൂരിറ്റി തുക നിശ്ചയിച്ചിട്ടുള്ളത് കുത്തക വിവരത്തിൽ അതാത് ഐറ്റത്തിനു നേരെ ചേർത്തിട്ടുള്ളതാണ്.
15. കടകൾ നടത്തുന്നതിന് ദേവസ്വത്തിന്റെ ഭൂമിയോ, കെട്ടിടമോ ആവശ്യമായി വരുന്ന കുത്തകക്കാർക്ക് നിയമാനുസരണം ഉടമ്പടി വച്ച അറിയിപ്പ് ബന്ധപ്പെട്ട ദേവസ്വം ആഫീസിൽ നിന്നും കിട്ടുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം കരാറുകാരൻ ബോധ്യപ്പെട്ട് ഏറ്റു വാങ്ങിയിരിക്കേണ്ടതാണ്. കുത്തകക്കാരന് കീഴിൽ ജോലി നോക്കുന്നവരുടെ വിവരവും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.
16. കുത്തകക്കാർ അവർക്ക് പരമാവധി ഉപയോഗിക്കാവുന്ന സ്ഥലത്തും കവിഞ്ഞ് അധികമായി മറ്റ് യാതൊരു ആവശ്യത്തിന് സ്ഥലം കൈവശം വെയ്ക്കുന്നതിന് അനുവാദമില്ലാത്തതാണ്.
17. കുത്തക നടത്തിപ്പിന് ദേവസ്വത്തിൽ നിന്ന് സ്ഥലം ആവശ്യമായ എല്ലാ കുത്തകക്കാരും (നാളികേരം, തറ, കടകൾ തുടങ്ങിയവയെല്ലാം) അവരവരുടെ പ്രവർത്തന മേഖലയും പരിസരവും സ്വന്തം ചിലവിൽ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടതാണ്. ആയത് ബന്ധപ്പെട്ട പൊതു ജനാരോഗ്യം/ദേവസ്വം ബോർഡ് ഉദ്യോഗസ്ഥൻമാർ സന്ദർശിച്ച് ബോധ്യപ്പെടുന്നതും, അവരുടെ അതാത് സമയത്തുള്ള നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതുമാണ്.
18. കുത്തകക്കാരൻ തന്റെ കരാർ നടത്തുന്ന വകയിൽ ഉണ്ടാകുന്ന പാഴ് വസ്തുക്കൽ, ചപ്പു ചവറുകൾ മറ്റ് മാലിന്യങ്ങൽ മുതലായവ ശേഖരിക്കാൻ ആവശ്യമായ ചവറു വീപ്പകൾ സ്വന്തം ചിലവിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.

19. കുത്തക നടത്തുന്നതിന് ദേവസ്വത്തിൽ നിന്നും അനുവദിക്കുന്ന ഭൂമി/കെട്ടിടം ഏൽപ്പിക്കുന്ന അതേ സ്ഥിതിയിൽ ഉപയോഗിക്കുന്നതിനാണ്. ടി നിലയ്ക്ക് മാറ്റ് അനിവാര്യമാണെങ്കിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും മുൻകൂർ അനുവാദം വാങ്ങി സ്വന്തം ചിലവിൽ ചെയ്യേണ്ടതും കാലാവധിക്കു ശേഷം ഡിപ്പാർട്ട്മെന്റിൽ നിന്നും നിർദ്ദേശിക്കുന്ന പക്ഷം പഴയ നിലയിലാക്കി തിരിച്ച് ഏൽപ്പിക്കേണ്ടതുമാണ്.
20. കരാർ വ്യവസ്ഥ ലംഘിക്കുന്ന കുത്തകക്കാരൻ അപ്പോൾ തന്നെ കുത്തക അവസാനിപ്പിക്കുന്നതിനും ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണമായ അധികാരം ഉണ്ടായിരിക്കുന്നതും ആയതിന് യാതൊരു നഷ്ടപരിഹാരവും ആവശ്യപ്പെടാൻ കരാറുകാരന് അവകാശമില്ലാത്തതുമാകുന്നു.
21. ദേവസ്വം ഉദ്യോഗസ്ഥരുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ കുത്തകക്കാരും ബാധ്യസ്ഥരാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടേയും ദേവസ്വത്തിന് ഹാനികരമായി ഏതെങ്കിലും പ്രവർത്തിയിൽ ഏർപ്പെടുന്നവരുടേയും കുത്തക താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നതിന് ബോർഡിന് പൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.
22. സർക്കാരും ബോർഡും നിശ്ചയിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
23. കുത്തകകൾ ഏറ്റെടുക്കുന്നവരുടെ നടപടികൾ നിമിത്തം ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായോ പരിസ്ഥിതിക്ക് ദോഷകരമായോ ഭക്തരെ ചൂഷണം ചെയ്യുന്ന വിധത്തിലോ ഏതെങ്കിലും പ്രവർത്തനം ഉണ്ടാകുന്ന പക്ഷം അവരുടെ കുത്തക അറിയിപ്പ് കൂടാതെ ഉടനടി റദ്ദ് ചെയ്യുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും ദേവസ്വം കമ്മീഷണർക്കും ദേവസ്വം ബോർഡിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.
24. കുത്തക സംബന്ധിച്ച് സർക്കാരിലേക്ക് ഏതെങ്കിലും നികുതി കൊടുക്കേണ്ടതുണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാധ്യസ്ഥനാണ്.
25. കുത്തക ലഭിക്കുന്നവരുടെ ഇ.എം.ഡി തുകകൾ കുത്തക കാലാവധിക്ക് ശേഷം അതാത് ഉദ്യോഗസ്ഥരിൽ നിന്നും ബാധ്യത ഇല്ലാ എന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.
26. ഇ.എം.ഡി ഇനത്തിൽ കെട്ടി വെയ്ക്കുന്ന തുക ടെന്ററിൽ ക്വോട്ട് ചെയ്യുന്ന തുകയുമായി ഏതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ടെന്റർ ലഭിക്കുന്നവരുടെ ഇ.എം.ഡി തുക കുത്തക കാലാവധിക്കു ശേഷം മാത്രമേ തിരികെ നൽകുകയുള്ളു.
27. കുത്തക ഏറ്റെടുക്കുന്നവരിൽ നിന്നും ലേലത്തുക ഈടാക്കുമ്പോൾ നിയമപ്രകാരം ഈടാക്കേണ്ട ജി.എസ്.റ്റി തുക കൂടി കുത്തകക്കാരിൽ നിന്നു ഈടാക്കുന്നതാണ്. യഥാസമയം ജി.എസ്.റ്റി പിടുത്തം വരുത്തിയതിന് ശേഷം മാത്രമേ ഇ.എം.ഡി തുക തിരികെ ലഭിക്കുന്നതിന് റിപ്പോർട്ട് ലഭ്യമാക്കാവൂ.
28. കുത്തകക്കാർ 200/-രൂപ പത്രത്തിൽ കരാർ വെയ്ക്കേണ്ടതാണ്.

**I. പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം/പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം.**

1. പൂജാ സാധനങ്ങൾ വിൽക്കുന്നയാൾക്ക് ലൈസൻസ് ഉണ്ടായിരിക്കണം.
2. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിഷ്ക്കർഷിക്കുന്ന സ്ഥലത്ത് സ്റ്റാൾ കെട്ടി അവകാശം നടത്തേണ്ടതാണ്.
3. പൂജാ സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിന് പ്ലാസ്റ്റിക്ക് കവർ ഒഴിവാക്കണം.
4. പൂജാ സ്റ്റാളും പരിസരവും ലേലക്കാരന്റെ ചുമതലയിൽ ശുചിയായി സൂക്ഷിക്കേണ്ടതാണ്.
5. സ്റ്റാളിൽ വിൽപ്പന നടത്തുന്ന പൂജാദ്രവ്യങ്ങളുടെ വിവരങ്ങൾ പ്രത്യേക വില വിവര പട്ടിക തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്. വിലയിൽ മാറ്റം വരുത്തുന്ന പക്ഷം ദേവസ്വം അധികാരികളുടെ അനുവാദം വാങ്ങേണ്ടതാണ്.
6. സ്റ്റാളുകളിൽ അഗ്മാർക്ക്/ഐ.എസ്.ഐ മാർക്കുള്ള ഉൽപ്പന്നങ്ങൽ മാത്രമേ വിൽപ്പന നടത്തുവാൻ പാടുള്ളു.
7. പൂജാ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനാ വേളകളിൽ തടസ്സങ്ങൾ ഉന്നയിക്കുവാൻ പാടുള്ളതല്ല.
8. പൂജാ സാധനങ്ങൽ കുത്തക ഏറ്റെടുക്കുന്ന കരാറുകാർ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൽ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കരാർ റദ്ദ് ചെയ്യുന്നതിനും നിരതദ്രവ്യം കണ്ടുകെട്ടുന്നതിനും യുക്തമായ പിഴ ചുമത്തുന്നതിനും ബോർഡിന്/ദേവസ്വം അധികാരികൾക്ക് അധികാരം ഉണ്ടായിരിക്കും.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട